പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3702

23/08/2017 ൽ
മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച പഠനം

ചോദ്യം

ശ്രീ.ബി.ഡി. ദേവസ്സി
ശ്രീ.ജോർജ് എം. തോമസ്
ശ്രീ.എം. നൗഷാദ്
ശ്രീ.ഐ.ബി. സതീഷ്

മറുപടി
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് വർദ്ധിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; | എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിറ്റുവരവ് വർദ്ധിപ്പിച്ച് കൂടുതൽ ലാഭകരമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾക്ക് പ്രാമുഖ്യം നൽകി വരുന്നു. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരത്തെ അതിജീവിച്ച് വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള വിപണന സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. കൂടാതെ ഉല്പാദനശേഷി പൂർണ്ണതോതിൽ കൈവരിക്കുന്നതിനായി ഉൽപ്പാദനസൗകര്യങ്ങൾ വിപുലപ്പെടുത്തുവാനുള്ള പദ്ധതികളും വിവിധ വകുപ്പുകളുടെയും പൊതുമേഖലയുൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളുടെയും പരസ്പര സഹകരണത്തോടെ |

| | | | |
|---|---|---|---|
| | | | കൂടുതൽ വിറ്റുവരവ് നേടുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; | ബി) & സി) | ഉണ്ട്. വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്) മുഖേന നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുന:രുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.<br>2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. മുൻ സാമ്പത്തിക വർഷം പദ്ധതി വിഹിതം 100 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നു.<br>കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ |
| സി) | എങ്കിൽ ഈ പഠനം ആധാരമാക്കി ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, ഉത്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, പൊതുമേഖലാ സ്ഥാപനങ്ങളും വിവിധ വകപ്പുകളും തമ്മിലുള്ള ഏകോപനം എന്നിവയ്ക്കായി നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി പ്രത്യേക നവീകരണ വിപുലീകരണ പദ്ധതികൾ കമ്പനികൾ ആവിഷ്ക്കരിച്ചുവരികയാണ്.<br>പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണന വിപുലീകരണത്തിന്റെ ഭാഗമായി സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പരസഹകരണം മെച്ചപ്പെടുത്തി വിറ്റുവരവ് ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ